# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3298**      **13.03.2017** -ൽ മറുപടിക്ക്

## <u>പുരാവസ്തു വകുപ്പിന്റെ കീഴിലെ കോട്ടകൾ</u>

<u>ചോദ്യം</u>

ശ്രീ.കെ.കുഞ്ഞിരാമൻ

<u>ഉത്തരം</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും
മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകളുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ അഞ്ച് കോട്ടകൾ ഉണ്ട്. അവ ചുവടെ പറയുന്നു.<br>1. പൊവ്വൽ കോട്ട, മുളിയാർ<br>2. ചന്ദ്രഗിരിക്കോട്ട, കളനാട്<br>3. അരിക്കാടിക്കോട്ട, അരിക്കാടി<br>4. പുതിയകോട്ട, ഹോസ്ദുർഗ്<br>5. ബന്തടുക്ക കോട്ട, ബന്തടുക്ക |
| (ബി) | ഈ കോട്ടകളുടെ സാധാരണ സംരക്ഷണ പ്രവർത്തികൾക്ക് വർഷം തോറും എത്ര തുകയാണ് അനുവദിക്കാറുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) | പുരാവസ്തു വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ഒരു പ്രത്യേക കോട്ടയുടെ സംരക്ഷണത്തിനായി പ്രത്യേകമായി ഫണ്ട് അനുവദിക്കാറില്ല. പുരാവസ്തു വകുപ്പിലെ സംരക്ഷിത സ്മാരകങ്ങളുടെയും സംരക്ഷണ / നവീകരണ പ്രവർത്തനങ്ങൾക്ക് പൊതുവായാണ് ബജറ്റിൽ തുക അനുവദിക്കാറുള്ളത്. |
| (സി) | മുളിയാറിലുള്ള പൊവ്വൽ കോട്ടയ്ക്ക് അടുത്ത കാലത്ത് സംരക്ഷണത്തിനായി എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിരുന്നു; ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് ഇവിടെ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | മുളിയാറിലുള്ള പൊവ്വൽ കോട്ടയുടെ സംരക്ഷണാർത്ഥം 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത തുക ഉപയോഗിച്ച് കോട്ടയുടെ തകർന്ന ഭാഗങ്ങൾ വെട്ടുകല്ല് ഉപയോഗിച്ച് പുനർനിർമ്മിക്കൽ, കാവൽപുരയുടെ പുനരുദ്ധാരണ പ്രവർത്തികൾ, കോട്ടയ്ക്കുള്ളിലെ ക്ഷേത്രത്തിനുള്ളിലെ പുനരുദ്ധാരണം, കോട്ടയ്ക്കുള്ളിലെ കാടും മറ്റും വൃത്തിയാക്കൽ, ക്ഷേത്രത്തിലേയ്ക്കുള്ള വഴിയുടെ നവീകരണം തുടങ്ങിയ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ